# അമലേക്യ സ്വഭാവം പിഴുതെറിയണം

## സന്തോഷ് കരുമത്ര

ആരാണ് അമലേക്യർ? എന്താണ് അവരുടെ സ്വഭാവത്തിന്റെ പ്രത്യേകത? പൂർവ പിതാവായ ഇസഹാക്കിന് രണ്ടു മക്കളായിരുന്നു - മൂത്തവൻ ഏസാവും രണ്ടാമൻ യാക്കോബും. ഏസാവിന് എലിഫാസ് എന്ന മകനുണ്ടായി. എലിഫാസിന് തിമ്ന എന്ന സ്ത്രീയിൽ അമലേക് എന്നൊരു പുത്രൻ ജനിച്ചു(ഉത്പ. 36:12). ഏസാഫിന്റെ പേരക്കുട്ടിയായ അമലേകിൽനിന്നാണ് അമലേക്യ വംശം രൂപപ്പെട്ടത്. യാക്കോബിന്റെ സന്താന പരമ്പരകളാണ് ഇസ്രയേൽ വംശം.

### ‘അമലേക്യർ റഫിദീമിൽവന്ന് ഇസ്രയേൽക്കാരെ ആക്രമിച്ചു.’ (പുറ. 17:8)

റഫിദീമിൽ യഥാർഥത്തിൽ സ്വന്തം സഹോദരന്മാർ തമ്മിലാണ് പോരാട്ടം നടക്കുന്നത്. ഏസാവിന്റെയും യാക്കോബിന്റെയും തലമുറകൾ തമ്മിൽ. എങ്ങനെയാണ് അമലേക്യർക്ക് സ്വന്തം സഹോദരങ്ങളെ ആക്രമിക്കാൻ തക്ക പ്രതികാര ചിന്ത കിട്ടിയത്? ഈ വിദ്വേഷത്തിന്റെ അടിവേരുകൾ ഉൽപത്തിയുടെ പുസ്തകത്തിൽ കാണാം. ‘പിതാവ് യാക്കോബിനു നൽകിയ അനുഗ്രഹം മൂലം ഏസാവ് യാക്കോബിനെ വെറുത്തു. അവൻ ആത്മഗതം ചെയ്തു: പിതാവിനെപ്പറ്റി വിലപിക്കാനുള്ള ദിവസങ്ങൾ അടുത്തു വരുന്നുണ്ട്. അപ്പോൾ ഞാൻ അവനെ കൊല്ലും (ഉത്പ. 27:41).

തന്നെ കബളിപ്പിച്ച്, തനിക്കു പിതാവിൽനിന്നു ലഭിക്കേണ്ടിയിരുന്ന അനുഗ്രഹം തട്ടിയെടുത്തവനാണ് യാക്കോബെന്ന് ഏസാവ് വിശ്വസിച്ചു. തന്മൂലം വെറുപ്പും വിദ്വേഷവും മൂത്ത് സ്വന്തം സഹോദരനെ കൊന്നുകളയാനാണ് ഏസാവ് ആലോചിക്കുന്നത്. ഈ പ്രതികാര ചിന്തയ്ക്കിടയിലാണ് ഏസാവിന് എലിഫാസും എലിഫാസിൽനിന്ന് അമലേകും ജനിക്കുന്നത്. അമലേക്യർക്ക് ഇസ്രയേൽ ജനത്തോടുള്ള വിദ്വേഷത്തിന്റെ തായ്വേര് ഇതാണ്.

നമ്മുടെ ഉള്ളിൽ തിന്മയും വിദ്വേഷവും കടന്നുവരുമ്പോൾ അത് തലമുറകളെ സ്വാധീനിക്കുമെന്ന് പരിശുദ്ധാത്മാവ് ഈ വചനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു.
അമലേകിനു പറ്റിയത് ഇതാണ്. വിദ്വേഷം മൂർച്ഛിച്ച് തന്റെ സഹോദരങ്ങളായ ഇസ്രയേലിനെ അക്രമിക്കാൻ അവൻ എത്തുന്നു. ഇന്ന് അനേകം കുടുംബങ്ങളിൽ സംഭവിക്കുന്നതും ഇതുതന്നെയാണ്. സമ്പത്തിന്റെ പേരിലും സ്വത്ത് വിഭജനത്തിന്റെ പേരിലും സൗന്ദര്യത്തിന്റെ പേരിലും കലഹം പടരുന്നു. മക്കളും മാതാപിതാക്കളും തമ്മിലും സഹോദരനും സഹോദരിയും തമ്മിലുമുള്ള ബന്ധങ്ങൾ ശിഥിലമാകുന്നു.സമ്പത്തല്ല ദൈവം, മറിച്ച് ദൈവമാണ് സമ്പത്ത്. ഇന്നത്തെ താൽക്കാലിക നേട്ടങ്ങൾക്കും സുഖങ്ങൾക്കും പകരം തലമുറകൾക്കു ലഭിക്കാനിരിക്കുന്ന അനുഗ്രഹം ലക്ഷ്യം വച്ച് വിശുദ്ധിയോടെ ജീവിക്കണം. നാം തലമുറകൾക്ക് അനുഗ്രഹമായി മാറണം.

### പിന്നിൽനിന്നു കുത്തുന്ന അമലേക്യർ

‘നീ ഈജിപ്തിൽനിന്നു പോന്നപ്പോൾ വഴിയിൽവച്ച് അമലേക് നിന്നോട് ചെയ്തതെന്തെന്ന് നീ ഓർത്തുകൊള്ളുക. ക്ഷീണിച്ചു തളർന്നിരുന്ന നിന്നെ അവൻ ദൈവഭയമില്ലാതെ വഴിയിൽ വച്ച് പിന്നിൽനിന്ന് ആക്രമിക്കുകയും പിൻനിരയിലുണ്ടായിരുന്ന ബലഹീനരെ വധിക്കുകയും ചെയ്തു’(നിയ. 25:17-18).പിന്നിൽനിന്നു കുത്തുന്നതായിരുന്നു അമലേക്യരുടെ പ്രത്യേകത. ഇസ്രയേൽ ജനം ക്ഷീണിച്ച് തളർന്നിരുന്നപ്പോൾ അവരോട്

അനുകമ്പ കാട്ടേണ്ടതിനു പകരം അമലേക്യർ തങ്ങളുടെ സഹോദരങ്ങളെ തകർക്കാൻ പറ്റിയ സമയമാണിതെന്നു കണക്കുകൂട്ടി ആക്രമണം അഴിച്ചുവിട്ടു.

ഇന്ന് കുടുംബങ്ങളിലും ശുശ്രൂഷ മണ്ഡലങ്ങളിലും രാഷ്ട്രീയ മേഖലകളിലും കടന്നുകൂടിയിരിക്കുന്ന വലിയ ദുരന്തമാണ് ഇതേ രീതിയിലുള്ള ആക്രമണങ്ങൾ. അനേകം വ്യക്തികൾ തകർന്നു പോയതിനു പ്രധാന കാരണം ഈ അമലേക്യ സ്വഭാവമാണ്. സ്വന്തം വളർച്ചയ്ക്കു വേണ്ടിയും സ്വന്തം മഹത്വത്തിനു വേണ്ടിയും കൂടെയുള്ളവരെയും സഹപ്രവർത്തകരെയും തട്ടിമാറ്റി മുന്നേറാനുള്ള വ്യഗ്രതയാണ് ഇന്ന് എല്ലാ രംഗങ്ങളിലും കാണാൻ കഴിയുന്നത്.കർത്താവിന്റെ അഭിഷേകം നമ്മുടെ ജീവിതങ്ങളിൽ നിറയണമെങ്കിൽ ഈ അമലേക്യ സ്വഭാവത്തിൽന്ന് നമ്മൾ പുറത്തുവന്നേ മതിയാകൂ. ശത്രു വിതയ്ക്കുന്ന കളകളാണ് ഇതെന്ന്  തിരിച്ചറിഞ്ഞ് തിരുത്തേണ്ടതു തിരുത്താൻ തയാറാകുമ്പോൾ സ്വർഗം നമ്മെപ്രതി സന്തോഷിക്കും.

## പ്രോൽസാഹനത്തിന്റെ ശുശ്രുഷ ചെയ്യുക

'അതിനാൽ തളർന്ന കൈകളെയും ബലമില്ലാത്ത കാൽമുട്ടുകളെയും ശക്തിപ്പെടുത്തുവിൻ'(ഹെബ്രാ. 12:12). എവിടെ നോക്കിയാലും അപവാദങ്ങളുടെയും കുതികാൽവെട്ടിന്റെയും പാരവയ്ക്കലുകളുടെയും വാർത്തകളാണ് ഇന്ന് കേൾക്കാൻ കഴിയുന്നത്. വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും മറ്റുള്ളവരെ നശിപ്പിക്കാനും അവരുടെ സൽപേരിന് കളങ്കം വരുത്താനുമുള്ള ശ്രമങ്ങളാണ് വ്യാപകമായി കാണുന്നത്. ശുശ്രൂഷാ മേഖലകളിൽ കരുത്തോടെ മുന്നേറിയിരുന്നവർ പോലും ഇത്തരത്തിൽ പിന്നിൽനിന്നു കുത്തേറ്റ് അപ്രത്യക്ഷരാകുന്നതു കാണാം. ഇതുപോലുള്ള ദുഷിപ്പിന്റെ പ്രവൃത്തികൾ കർത്താവിന്റെ മക്കൾക്കു ചേർന്നതല്ല. ദൈവമക്കൾ ദൈവീക സ്വഭാവത്തിൽ വളരുന്നവരായി മാറണം.

## ഹൃദയ വിശാലത

'ദൈവം സോളമന് അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരം പോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു.'(1 രാജ 4:29).കർത്താവ് ഒരു വ്യക്തിയെ കൂടുതലായി ഉപയോഗിക്കുന്നതു കാണുമ്പോൾ അസൂയപ്പെടുകയോ എങ്ങനെ അവനെ പിന്തിരിപ്പിക്കാമെന്ന് ആലോചിച്ച് കുതന്ത്രങ്ങൾ മെനയുകയോ അല്ല വേണ്ടത്. കർത്താവിന്റെ ആദാനത്തെയോർത്ത് അവിടുത്തേയ്ക്ക് നന്ദിപറയാൻ തക്ക ഹൃദയ വിശാലതയാണ് ഉണ്ടാകേണ്ടത്. ഇതിനായാണ് കർത്താവ് നമ്മളെ വിളിക്കുന്നത്.കുടുംബത്തിലും ബിസിനസ്-ജോലി മേഖലകളിലും  പരസ്പരം സ്നേഹത്തിന്റെയും പ്രോൽസാഹനത്തിന്റെയും ശുശ്രൂഷ ചെയ്യണം. അമലേക്യ സ്വഭാവം ഉപേക്ഷിച്ച് കർത്താവിന്റെ പരിശുദ്ധിയിലും അവന്റെ സ്വഭാവത്തിലും വളരുകയും ജീവിക്കുകയും ചെയ്യാം.